പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ
ചോദ്യം നമ്പർ. 127

30-09-2016 ൽ മറുപടിക്ക്

## കേരഫെഡിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
ശ്രീ.എസ്.ശർമ്മ
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. കെ.കുഞ്ഞിരാമൻ

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കേരഫെഡ് മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഈ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>ബി) മുൻ ഭരണകാലത്ത് നടന്ന അഴിമതിയെക്കുറിച്ച് കൃഷി വകുപ്പ് വിജിലൻസ് സ്പെഷ്യൽ സെൽ നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) | ഉണ്ട്.<br>കൃഷി വകുപ്പ് വിജിലൻസ് സ്പെഷ്യൽ സെൽ കേരഫെഡിൽ നടത്തിയ അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുകയാണ്. വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ വിശദാംശം/ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല. |
| സി) കേര കർഷകരുടെ താല്പര്യം സംരക്ഷിക്കാനായി കേരഫെഡിന്റെ പ്രവർത്തനം അഴിമതി മുക്തമാക്കുന്നതിനും വിപുലീകരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ? | (സി) | കേരഫെഡിലെ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയാണ്. കേര കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും കേരഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ